ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പുനർ ദർഘാസുകൾ വിളിക്കുക എന്നതാണ് നടപടിക്രമം. ആയതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) മേൽപ്പറഞ്ഞവ കൂടാതെ മറ്റ് പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ ടി മണ്ഡലത്തിൽ മുടങ്ങി കിടക്കുന്നില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ

37 (1435) ശ്രീ. റ്റി. യു. കുരുവിള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾവഴി ഗ്രാമവികസന വകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ;

(ബി) കോതമംഗലം ബ്ലോക്കിൽ സ്വന്തം കെട്ടിടമുള്ള എത്ര വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ ഉണ്ട് ; ഇവയിൽ ഏതെല്ലാം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട് ; സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാത്തവ ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഈ ഓഫീസുകളുടെ അടിസ്ഥാന സൗകര്യത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സ്വന്തമായി കെട്ടിടമുള്ള വി.ഇ.ഒ. ഓഫീസുകൾ പ്രവർത്തനക്ഷമ മാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നേരിട്ട് പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല.

(ബി) 9. പോത്താനിക്കാട്, വാരപ്പെട്ടി, അടിവാട്, കടവൂർ, വടാട്ടുപാറ, നേര്യമംഗലം, ചെറുവട്ടൂർ എന്നീ 7 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ പഞ്ചായത്തിന് വിട്ടുകൊടുത്തിട്ടുള്ളതിനാൽ ഗ്രാമ പഞ്ചായത്തിന്റെ തീരുമാനപ്രകാരമാണ് മറ്റുള്ളവർ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്.

(സി&ഡി) ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിലുള്ള വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ കാലാകാലങ്ങളിൽ മെയിന്റനൻസ് വർക്ക് നടത്തിവരുന്നുണ്ട്. നടപടി സ്വീകരിച്ചു വരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly